ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 10.10.2026 പ്രധാന വാർത്തകൾ TIME : 07.25 AM

1. മാറുന്ന സാങ്കേതികവിദ്യയ്ക്കനുസരിച്ച് യുവാക്കൾ കഴിവുകൾ നിരന്തരം മെച്ചപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi calls on youth to continuously upgrade their skills in line with evolving technologies.**

2. ജന്തർ മന്തറിൽ പ്രതിഷേധം നടത്താൻ ഡൽഹി പോലീസ് അനുമതി നിഷേധിച്ചു. സുരക്ഷാ കാരണങ്ങളാൽ ഡൽഹിയിലെ 45 മെട്രോ സ്റ്റേഷനുകൾ ഇന്ന് അടച്ചിടും.

   **Delhi Police declines permission for protest at Jantar Mantar; 45 Metro stations in Delhi to remain closed today due to security reasons.**

3. കേരളത്തിൽ നിയമസഭാ സമ്മേളനത്തിന് മറ്റന്നാൾ തുടക്കമാകും. വയോജനക്ഷേമ വകുപ്പിനായുള്ള ബിൽ ഈ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

   **Kerala Assembly session to commence the day after tomorrow; Chief Minister V.D. Satheesan says the**

**Department for Senior Citizens bill will be introduced during the session.**

4. ഇന്ന് ലോക മാനസികാരോഗ്യ ദിനം; 'ജീവിതാനുഭവങ്ങൾ കേൾക്കാം, യഥാർത്ഥ ശബ്ദങ്ങൾ, യഥാർത്ഥ മാറ്റങ്ങൾ' എന്നതാണ് ഈ വർഷത്തെ പ്രമേയം.
   **Today is World Mental Health Day; this year's theme focuses on 'Listening to lived experiences - real voices, real change'.**
5. കേരളത്തിൽ മഴ ശക്തിപ്രാപിക്കുന്നു. ഇന്ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത.
   **Rains intensify across Kerala; Yellow Alert in Pathanamthitta, Kottayam, Ernakulam, and Idukki districts today.**
6. ഇന്ത്യൻ സൂപ്പർ ലീഗ് 2026-27 സീസണ് ഇന്ന് തുടക്കമാകും. ആദ്യ മത്സരത്തിൽ ബംഗളൂരു എഫ്‌സി, - എസ്.സി ഡൽഹിയെ നേരിടും..
   **The 2026-27 season of the Indian Super League kicks off today, with Bengaluru FC taking on SC Delhi in the opening match.**

## VP-JHARKHARD VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് ഝാർഖണ്ഡിലെ ദിയോഗർ സന്ദർശിക്കും. ദിയോഗറിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് മെഡിക്കൽ സയൻസസിന്റെ രണ്ടാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. BBMT ആശുപത്രിയിൽ നടക്കുന്ന 'സൈന്യ സമ്പർക്ക് മേള'യും ഉപരാഷ്ട്രപതി സന്ദർശിക്കും.

*******************************************

## PM-WORLDSKILLS COMPETITION (INTRO)

അതിവേഗം മാറുന്ന സാങ്കേതിക വിദ്യയ്ക്കനുസരിച്ച് യുവാക്കൾ തങ്ങളുടെ കഴിവുകൾ നിരന്തരം മെച്ചപ്പെടുത്തണമെന്നും, പുതിയ സാങ്കേതികവിദ്യകൾ സ്വായത്തമാക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഷാങ്ഹായ് വേൾഡ് സ്കിൽസ് മത്സരത്തിൽ പങ്കെടുത്ത ഇന്ത്യൻ ടീം അംഗങ്ങളുമായി ഇന്നലെ ന്യൂഡൽഹിയിലെ ഔദ്യോഗിക വസതിയിൽ നടന്ന ആശയവിനിമയത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ആഗോളതലത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച മത്സരാർത്ഥികളെ അഭിനന്ദിച്ച അദ്ദേഹം, അന്താരാഷ്ട്ര വിപണിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി കഴിവുകൾ വികസിപ്പിക്കാൻ ആഹ്വാനം ചെയ്തു. ഇന്ത്യയെ മാനവവിഭവശേഷിയുടെ ആഗോള കേന്ദ്രമാക്കി മാറ്റുന്നതിന് യുവാക്കളും സർക്കാരും പരിശീലന സ്ഥാപനങ്ങളും ഏകോപിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

(ഹോൾഡ് വോയിസ്)

*******************************************

## RAJNATH-NATIONAL SECURITY

ദേശീയ സുരക്ഷ, സായുധ സേനയുടെ കരുത്തിൽ മാത്രം അധിഷ്ഠിതമല്ലെന്നും പ്രതിരോധ മേഖലയിലെ സ്വാശ്രയത്വവും നിർണായകമാണെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ ഇന്നലെ നടന്ന സൊസൈറ്റി ഓഫ് ഇന്ത്യൻ ഡിഫൻസ് മാനുഫാക്ചറേഴ്സ് ചാമ്പ്യൻസ് അവാർഡ് ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉയർന്ന സാങ്കേതികവിദ്യയുള്ള സൈനിക ഉപകരണങ്ങൾ കയറ്റുമതി ചെയ്യുന്ന വിശ്വസ്ത രാജ്യമായി ഇന്ത്യ ഉയർന്നുവരുകയാണെന്നും അദ്ദേഹം പറഞ്ഞു.

*******************************************

## MORN PM-WOMEN SUMMIT

കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യം, പോഷകാഹാരം, സമഗ്രവികസനം എന്നിവയ്ക്ക് കൂടുതൽ മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ദേശീയ സമ്മേളനത്തിന്റെ സമാപന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അങ്കണവാടികളെ ജനപങ്കാളിത്തത്തിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കണമെന്നും വനിതാ സുരക്ഷയ്ക്കായി കുട്ടികൾക്ക് പ്രായത്തിനനുയോജ്യമായ ബോധവത്കരണം നൽകണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു. ശുചിത്വ ഭാരത ദൗത്യത്തിൽ വനിതാ ശിശുവികസന വകുപ്പുകൾ സജീവമായി പങ്കാളികളാകണമെന്നും വോക്കൽ ഫോർ ലോക്കൽ, ഒരു ജില്ല ഒരു ഉൽപ്പന്നം തുടങ്ങിയ പദ്ധതികൾ വനിതാ ശാക്തീകരണത്തിനായി പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

*******************************************

## OVERALL DELHI POLICE-SECURITY-PROTEST

ഡൽഹിയിലെ ജന്തർമന്തറിൽ ഇന്ന് നടത്താനിരുന്ന സി.ജെ.പിയുടെ പ്രതിഷേധ പരിപാടിക്ക് ഡൽഹി പോലീസ് അനുമതി നിഷേധിച്ചു. മുൻകാലങ്ങളിലെ മാർഗനിർദേശ ലംഘനങ്ങളും പൊതുസുരക്ഷാ പ്രശ്നങ്ങളും ചൂണ്ടിക്കാട്ടിയാണ് നടപടി. മേഖലയിൽ നിരോധനാജ്ഞ നിലവിലുണ്ട്. പ്രതിഷേധങ്ങൾക്കും മറ്റ് പരിപാടികൾക്കും കുറഞ്ഞത് പത്ത് ദിവസം മുമ്പ് അപേക്ഷ സമർപ്പിക്കണമെന്ന് ഡൽഹി പോലീസ് ജോയിന്റ് കമ്മീഷണർ നൂപൂർ പ്രസാദ് അറിയിച്ചു. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ജൻപഥ്, രാജീവ് ചൗക്ക്, ന്യൂഡൽഹി എന്നിവയുൾപ്പെടെ 45 മെട്രോ സ്റ്റേഷനുകളുടെ കവാടങ്ങൾ ഇന്ന് വൈകിട്ട് ആറു വരെ അടച്ചിടും. സരായ് കാലെ ഖാൻ–ന്യൂ അശോക് നഗർ റൂട്ടിലെ നമോ ഭാരത് ട്രെയിൻ സർവീസുകൾ രാത്രി പത്തു വരെ നിർത്തിവെച്ചു. ഡൽഹിയിലെ ഏഴ് പ്രധാന റെയിൽവേ സ്റ്റേഷനുകളിലായി 334 ജി.ആർ.പി ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. പ്രധാന മേഖലകളിൽ ഗതാഗത നിയന്ത്രണങ്ങളും ഏർപ്പെടുത്തും.

***********************************************

## BYPOLLS + PM POLL RESULTS

പശ്ചിമ ബംഗാളിലും അസമിലും നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ ബി.ജെ.പിക്ക് ജയം. തമിഴ്നാട്ടിലെ രണ്ട് നിയമസഭാ മണ്ഡലങ്ങളിലും ഭരണകക്ഷിയായ തമിഴക വെട്രി കഴകം വിജയിച്ചു. പുതുച്ചേരിയിലെ തട്ടാഞ്ചാവടി മണ്ഡലത്തിൽ ഭരണകക്ഷിയായ ആൾ ഇന്ത്യ എൻ.ആർ. കോൺഗ്രസ് വിജയം നിലനിർത്തി. പശ്ചിമ ബംഗാളിലെ നന്ദിഗ്രാം, റെജിനഗർ നിയമസഭാ മണ്ഡലങ്ങളിൽ ബി.ജെ.പി സ്ഥാനാർഥികൾ വൻ

ഭൂരിപക്ഷത്തിൽ വിജയിച്ചു. അതേസമയം ഉപതിരഞ്ഞെടുപ്പിലെ ബി.ജെ.പിയുടെ ജയം-എൻ.ഡി.എ മുന്നണിയുടെ സദ്ഭരണത്തോടുള്ള പിന്തുണയാണ് വ്യക്തമാക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

********************************************

## KERALA ASSEMBLY

കേരള നിയമസഭയുടെ അടുത്ത സമ്മേളനം മറ്റന്നാൾ ആരംഭിക്കും. ഒൻപതു ദിവസമായിരിക്കും സഭ സമ്മേളിക്കുകയെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കോർട്ട് ഫീസ് ഭേദഗതി ബിൽ, മദ്രാസ് ഹിന്ദു റിലീജിയൻ ചാരിറ്റബിൾ എൻഡോവ്മെൻറ് ഭേദഗതി ബിൽ എന്നിവ സമ്മേളനത്തിൽ അവതരിപ്പിക്കും.

********************************************

## CM-KERALA

കേരള സർക്കാരിന്റെ ആദ്യ നൂറുദിന കർമപദ്ധതിയിൽ ലക്ഷ്യമിട്ട 588 പദ്ധതികളിൽ 568 എണ്ണവും പൂർത്തിയാക്കിയെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ബാക്കിയുള്ള 20 പദ്ധതികൾ 90 ശതമാനം പൂർത്തീകരിച്ചതായും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ ഈ മാസം 15 മുതൽ ഡിസംബർ 31 വരെ 'ജനസ്പർശം' ഫയൽ അദാലത്ത് സംഘടിപ്പിക്കും. വയോജന ക്ഷേമ വകുപ്പ് ബില്ലിന് മന്ത്രിസഭ അംഗീകാരം നൽകി. വരുന്ന നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. മുതിർന്ന പൗരരുടെ വിവരശേഖരണത്തിനായി സർവേ ആരംഭിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

*********************************************

## RAIN - KERALA

കേരളത്തിൽ മഴ ശക്തിപ്രാപിക്കുന്നു. ഇന്ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ ഇന്ന് അർധരാത്രി വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

*********************************************

## SPECIAL CAMPAIGN 6.0-MIB

സർക്കാർ ഓഫീസുകളിലെ ശുചിത്വം മെച്ചപ്പെടുത്തുന്നതിനും തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ കുറയ്ക്കുന്നതിനുമായി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം പ്രത്യേക കാമ്പയിൻ 6.0 ആരംഭിച്ചു. ഒക്ടോബർ രണ്ട് മുതൽ ആരംഭിച്ച ക്യാമ്പയിനിൽ മന്ത്രാലയത്തിന് കീഴിലുള്ള 610 ഓഫീസുകൾ പങ്കെടുക്കുന്നുണ്ട്. ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനും കാമ്പയിനിൽ ഊന്നൽ നൽകുന്നു. തയ്യാറെടുപ്പ് ഘട്ടത്തിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് മന്ത്രാലയത്തിലെയും മീഡിയ യൂണിറ്റുകളിലെയും മുതിർന്ന ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തി.

*********************************************

## SEMICONDUCTOR MISSION (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. സെമികണ്ടക്ടർ നിർമ്മാണ

മേഖലയിലെ രാജ്യത്തിന്റെ മുന്നേറ്റത്തെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ ഇന്ന്.

**വിശദാംശങ്ങളിലേക്ക്....**

*(ഹോൾഡ് വോയിസ്)*

*സെമികണ്ടക്ടർ നിർമ്മാണ രംഗത്ത് വൻ കുതിപ്പാണ് ഇന്ത്യ കൈവരിച്ചു കൊണ്ടിരിക്കുന്നത്. മുൻപ് പൂർണ്ണമായും ഇറക്കുമതിയെ ആശ്രയിച്ചിരുന്ന ഈ മേഖലയിൽ, രാജ്യം ഇന്ന് ചിപ്പുകളുടെ ഉത്പാദനത്തിലും രൂപകൽപ്പനയിലും ആഗോളതലത്തിൽ ശ്രദ്ധേയമായ ചുവടുവെപ്പുകൾ നടത്തിക്കഴിഞ്ഞു. ഇലക്ട്രോണിക്സ്, ഡിജിറ്റൽ സാങ്കേതികവിദ്യ എന്നീ മേഖലകളിൽ ഇന്ത്യയെ സ്വയംപര്യാപ്തമാക്കാനും ആഗോളതലത്തിൽ ഒരു പ്രധാന ഹബ്ബമാക്കി മാറ്റാനുമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സുപ്രധാന പദ്ധതിയാണ് ഇന്ത്യ സെമികണ്ടക്ടർ മിഷൻ. ലോക സെമികണ്ടക്ടർ വ്യവസായത്തിലെ വിശ്വസനീയമായ ഉൽപാദനകേന്ദ്രമായി രാജ്യം മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടിരുന്നു. ഒന്നാം ഘട്ടത്തിന്റെ വൻ വിജയത്തെത്തുടർന്ന്, സെമികണ്ടക്ടർ ആവാസവ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സെമികോൺ 2.0 പ്രഖ്യാപിക്കുകയും ഇതിനായി 1.27 ലക്ഷം കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.*

*ന്യൂസ് ഡെസ്ക്, ആകാശവാണി*

****************************************************

## WORLD MENTAL HEALTHDAY

ഇന്ന് ലോക മാനസികാരോഗ്യ ദിനം. മാനസികാരോഗ്യത്തെക്കുറിച്ച് ആഗോളതലത്തിൽ ബോധവൽക്കരണം നടത്തുന്നതിനും, മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവർക്ക് പിന്തുണ ഉറപ്പാക്കുന്നതിനുമായി വേൾഡ് ഫെഡറേഷൻ ഫോർ മെന്റൽ ഹെൽത്തിന്റെ നേതൃത്വത്തിൽ ലോകാരോഗ്യ സംഘടനയുടെ പിന്തുണയോടെയാണ് എല്ലാ വർഷവും ഒക്ടോബർ 10ന് മാനസികാരോഗ്യ ദിനമായി ആചരിക്കുന്നത്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ മാറ്റി നിർത്തി, വിഷമതകൾ തുറന്നുപറയാൻ അന്തരീക്ഷമൊരുക്കുകയാണ് ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം. ജീവിതാനുഭവങ്ങൾ കേൾക്കാം: യഥാർത്ഥ ശബ്ദങ്ങൾ, യഥാർത്ഥ മാറ്റങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം.

*******************************************

## ISL

ഇന്ത്യൻ സൂപ്പർ ലീഗിന്റെ 2026-27 സീസണ് ഇന്ന് തുടക്കമാകും. ആദ്യ മത്സരത്തിൽ ബംഗളൂരു എഫ്സി, എസ്.സി ഡൽഹിയെ നേരിടും. വൈകുന്നേരം 5 മണിക്ക് ബംഗളരൂവിലാണ് മത്സരം.

*******************************************

## IND VS WI - T20

റാഞ്ചി ട്വന്റി-20യിൽ ഇന്ത്യക്കെതിരെ വെസ്റ്റ് ഇൻഡീസിന് 6 വിക്കറ്റ് ജയം. ഇന്ത്യ ഉയർത്തിയ 250 റൺ വിജയലക്ഷ്യം, ഒമ്പത് പന്ത് ബാക്കി നിൽക്കെ 4 വിക്കറ്റ് നഷ്ടത്തിൽ വിൻഡീസ് മറികടന്നു. ക്യാപ്റ്റൻ ഷായ് ഹോപ്പിന്റെ സെഞ്ചുറി മികവിലാണ് വിൻഡീസ് വിജയിച്ചത്. പരമ്പരയിലെ ആദ്യ മത്സരത്തിൽ

ഇന്ത്യക്കായിരുന്നു ജയം. പരമ്പരയിലെ മൂന്നാം മത്സരം നാളെ ഇൻഡോറിൽ നടക്കും.

*********************************************

## UAE-FLYDUBAI-INVESTIGATION

ഫ്ലൈദുബായ് വിമാനത്തിൽ ഭീകരാക്രമണ ശ്രമം മുൻകൂട്ടി ആസൂത്രണം ചെയ്യതാണെന്ന് യു.എ.ഇ പ്രോസിക്യൂഷൻ. വിമാനം പിടിച്ചെടുത്ത് ടെൽ അവീവ് വിമാനത്താവളത്തിലെ യാത്രക്കാരുടെ ടെർമിനലിലേക്ക് ഇടിച്ചിറക്കി വൻ നാശനഷ്ടം വരുത്താനാണ് ഒമാനി സഹപൈലറ്റ് പദ്ധതിയിട്ടിരുന്നതെന്ന് യു.എ.ഇ അറ്റോർണി ജനറൽ അറിയിച്ചു.